**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1030** **27-07-2021 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയകൃഷി വികാസ് യോജനയുടെ ഭാഗമായ പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (RKVY) ഭാഗമായ പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 2020-21 വർഷങ്ങളിൽ കർഷകർക്ക് നെൽകൃഷിക്കുവേണ്ട വിവിധ ഉത്പാദനോപാധികൾക്കുള്ള ധനസഹായ മായി ഹെക്ടറിന് 4500 രൂപയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത ധനസഹായ ത്തിന്റെ ഇനംതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1) അത്യുൽപാദന ശേഷിയുള്ള നെൽവിത്ത് വിതരണം: 100%സബ്സിഡിയായ കിലോയ്ക്ക് 10 രൂപ നിരക്കിൽ ഹെക്ടറിന് പരമാവധി 1000 രൂപ. 2) സൂക്ഷ്മ മൂലകങ്ങളുടെ വിതരണം : ഹെക്ടറിന് പരമാവധി 500 രൂപ 3) കുമ്മായം/ഡോളോമൈറ്റ് വിതരണം : ഹെക്ടറിന് പരമാവധി 1000 രൂപ 4) സംയോജിത രോഗ കീട നിയന്ത്രണം : ഹെക്ടറിന് പരമാവധി 500 രൂപ 5) യന്ത്രവത്കരണം (Custom Hiring Centre മുഖേന) : ഹെക്ടറിന് പരമാവധി 1500 രൂപ. കൂടാതെ മൂല്യവർധനവിനായി മിനി റൈസ് മിൽ, സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ഉൾപ്പെ ടുത്തി ധനസഹായം നൽകുന്നുണ്ട്. 1)മിനി റൈസ് മിൽ : 50% സബ്സിഡി പരമാവധി 15000രൂപ/ യൂണിറ്റ് 2)പ്രോസസിങ് യൂണിറ്റ് : പരമാവധി 1,00,000 രൂപ/ യൂണിറ്റ്. 2021-22 വർഷത്തിൽ പദ്ധതി നടത്തിപ്പിനായുള്ള 4100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | നെൽകൃഷി വികസന പദ്ധതിയിലൂടെ സുസ്ഥിര നെൽകൃഷി വികസനത്തിനായി കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഗ്രൂപ്പടിസ്ഥാനത്തിലുള്ള നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുള്ളത്. നെൽകൃഷി യിൽ |

| | | | |
|---|---|---|---|
| | | | ഉത്പാദനച്ചെലവ് കുറയ്ക്കുന്നതോടൊപ്പം ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുവാനാണ് ഇത് കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. പാടശേഖര സമിതികൾ മുഖാന്തിരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്കാണ് ആനുകൂല്യം നൽകുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ 1560727 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസനത്തിന് 8584.84 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗുണമേന്മയുള്ള വിത്ത്, ജൈവ വളങ്ങൾ, ജൈവ രോഗകീട നിയന്ത്രണ മാർഗങ്ങൾ മുതലായ നെൽ കൃഷിക്കുള്ള വിവിധ ഉത്പാദനോപാധികൾക്ക് ഹെക്ടറിന് 5500രൂപ പ്രകാരമാണ് ആനുകൂല്യം നൽകുന്നത്. |
| (സി) | നെല്ല് സംഭരിച്ച വകയിൽ നിലവിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും പ്രസ്തുത കുടിശ്ശിക നൽകുന്നതിന് സ്വീകരിക്കുന്ന നടപടി എന്താണെന്നും അറിയിക്കുമോ? | (സി) | സപ്ലൈകോ വഴി നെല്ല് സംഭരിച്ച വകയിൽ 22/07/2021 വരെയുള്ള കണക്ക് പ്രകാരം കർഷകർക്ക് നൽകുവാൻ 82.93 കോടി രൂപ കുടിശ്ശികയുണ്ട്. ആയത് പി.ആർ.എസ് (പാഡി രസീത് ഷീറ്റ്) വായ്പാപദ്ധതി പ്രകാരം നൽകി വരുന്നു. പി.ആർ.എസ്. വായ്പ പദ്ധതിയ്ക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് രസീത് ബാങ്കിൽ ഹാജരാക്കുന്നമുറയ്ക്ക് സപ്ലൈകോ പേഓർഡർ റിലീസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകുകയും ചെയ്യുന്നു. ലോൺ കാലാവധി തീരുന്ന മുറയ്ക്ക് ബാങ്കിൽ നിന്നും ക്ലെയിം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ലോൺ തുകയും അതിന്റെ പലിശയും ബാങ്കിന് നൽകും. ടി പദ്ധതി പ്രകാരം സമയബന്ധിതമായി കർഷകർക്ക് സംഭരണ വില ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ